(ബി) ഈ സംവരണ സമുദായങ്ങളുടെ ഗവൺമെന്റ് സർവ്വീസിലെ പ്രാതിനിധ്യക്കുറവ് നികത്തുന്നതിന് ഇതുവരെ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) ഈ റിപ്പോർട്ടിന്മേൽ നടപടിയെടുക്കാനുള്ള കാലതാമസം ഒഴിവാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) സർക്കാർ സർവ്വീസിലും പൊതുമേഖലാ സ്ഥാപനങ്ങളിലും സ്വയംഭരണസ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റീസ് ശ്രീ. കെ.കെ. നരേന്ദ്രൻ ചെയർമാനായിട്ടുള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്. സുപ്രീം കോടതിയിൽ കേസ് നിലവിലുള്ളതുകൊണ്ടും അതുകാരണം നിയമ പ്രശ്നങ്ങൾ ഉണ്ടെന്നതും പരിഗണിച്ച് ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് സമവായമുണ്ടാക്കേണ്ടതുണ്ട്.

(ബി) പിന്നോക്ക വിഭാഗങ്ങളിലെ ജീവനക്കാരുടെ പ്രാതിനിധ്യം സംബന്ധിച്ച പഠനം നടത്തിയ ജസ്റ്റീസ് കെ.കെ. നരേന്ദ്രൻ ചെയർമാനായുള്ള കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്.

(സി) റിപ്പോർട്ട് പരിഗണനയിലാണ്.

നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട്

*2 [15] ഡോ. എ. നീലലോഹിതദാസൻ നാടാർ:

ശ്രീ. സി. കെ. നാണു:

„ കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിൽ പിന്നോക്ക സമുദായ പ്രാതിനിധ്യത്തെ കുറിച്ച് പഠിക്കാൻ നിയോഗിച്ച നരേന്ദ്രൻ കമ്മീഷൻ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്;

(ബി) റിപ്പോർട്ടിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) റിപ്പോർട്ടിന്മേൽ ഗവൺമെന്റ് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ;

(ഡി) റിപ്പോർട്ടിൻപ്രകാരം സർക്കാർ സർവ്വീസിൽ വേണ്ടത്ര പ്രാതിനിധ്യം ലഭിച്ചിട്ടില്ലാത്ത പിന്നോക്ക സമുദായങ്ങൾക്കുള്ള കുറവ് പരിഹരിക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ,

(എ) 9-11-2001-ൽ ആണ് ജസ്റ്റീസ് ശ്രീ. കെ. കെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചത്.

(ബി) റിപ്പോർട്ട് വിശദമായ ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വച്ചിരിക്കുകയാണ്.

(സി) റിപ്പോർട്ട് വിശദമായി പരിശോധിച്ചശേഷം ശുപാർശകളെ സംബന്ധിച്ച് നിയമസഭയിൽ ചർച്ചയ്ക്കായി 3-4-2002-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചിരുന്നു. അതനുസരിച്ച് 12-6-2002-ൽ റിപ്പോർട്ട് നിയമസഭയുടെ മേശപ്പുറത്ത് വച്ചിട്ടുണ്ട്.

(ഡി) റിപ്പോർട്ട് പരിഗണനയിലാണ്. സുപ്രീംകോടതിയിൽ കേസ് നിലവിലുള്ളതുകൊണ്ടും അതുകാരണം നിയമ പ്രശ്നങ്ങൾ ഉണ്ടെന്നതും പരിഗണിച്ച് റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് സമവായമുണ്ടാക്കേണ്ടതുണ്ട്.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചിട്ട് രണ്ടു വർഷം കഴിഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഉത്തരത്തിൽ സുപ്രീംകോടതിയിൽ കേസ് നിലവിലുണ്ടെന്നാണ് പറയുന്നത്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെതിരായിട്ടാണോ സുപ്രീംകോടതിയിൽ കേസ് നിലവിലുള്ളത്; ആരാണ് കേസ് കൊടുത്തിട്ടുള്ളത്; അതിലെ ആവശ്യം എന്താണ് എന്നുള്ളത് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ക്രീമിലെയറിനുള്ള മാനദണ്ഡങ്ങൾ നിർദ്ദേശിച്ചുകൊണ്ട് 11-4-2000-ൽ സമർപ്പിച്ച റിപ്പോർട്ടിനേയും അതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ ക്രീമിലെയർ നിർണ്ണയിക്കുന്നതിനായി 27-5-2000-ൽ പുറപ്പെടുവിച്ച ജി.ഒ.(പി) 36/2000 നമ്പർ ഉത്തരവിനേയും മറ്റും ചോദ്യം ചെയ്തുകൊണ്ട് നായർ സർവ്വീസ് സൊസൈറ്റി ഇപ്പോൾ സുപ്രീം കോടതിയിൽ റിട്ട് പെറ്റിഷൻ ഫയൽ ചെയ്തിട്ടുണ്ട്. മേൽപ്പടി കേസിൽ സംസ്ഥാന സർക്കാർ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യുകയും ആയത് സുപ്രീം കോടതിയുടെ പരിഗണനയിലിരിക്കുകയുമാണ്.

ശ്രീ. പി. കെ. അബ്ദുറബ്ബ്: സർ, 2001-ലെ 81-ാം നമ്പർ ഭരണഘടനാ ഭേദഗതിയനുസരിച്ച് ഓരോ വർഷവും സംവരണ സമുദായങ്ങൾക്കു വേണ്ടി നീക്കിവെച്ചിട്ടുള്ള കാറ്റഗറികളിൽ ആവശ്യമായ ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ അത് അടുത്ത വർഷത്തെ നിയമനങ്ങളിൽ തീരുമാനിക്കാമെന്നും, അങ്ങനെ പരിഗണിക്കുമ്പോൾ മൊത്തം സംവരണം അൻപത് ശതമാനത്തിൽ അധികമാണെങ്കിൽപോലും അത് കാര്യമാക്കേണ്ടതില്ല എന്നുമുള്ള ഭരണഘടനാ ഭേദഗതിയനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ വിവിധ പിന്നോക്ക വിഭാഗങ്ങൾക്ക് കിട്ടേണ്ട ഒഴിവുകളിൽ കുറവുവന്നിട്ടുള്ളത് ഓരോ സമുദായത്തിന്റേതും പ്രത്യേകമായിട്ട് പ്രതിപാദിച്ചിട്ടുണ്ട്. ആ കുറവ് പരിഹരിക്കേണ്ടതാണെന്നതുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹവും. പക്ഷെ ഇതു സംബന്ധിച്ച് ഒരു ചർച്ചയും ആ ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു സമവായവുമുണ്ടാക്കി ഈ കാര്യത്തിൽ ഒരു തീരുമാനമെടുക്കണമെന്നാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. അതിനുവേണ്ടിത്തന്നെയാണ് നിയമസഭയിൽ റിപ്പോർട്ട് സമർപ്പിച്ചത്. ഏത് സമയത്തും ഇതിനെക്കുറിച്ചൊരു ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാണ്. ഇത് അറിയിക്കുവാൻകൂടി ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പാക്കുന്ന കാര്യത്തിൽ കേരളത്തിലെ യു.ഡി.എഫ്-ന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഗവൺമെന്റിന്റെ തീരുമാനമാണ് അറിയിച്ചത്. ഗവൺമെന്റ് ഈ റിപ്പോർട്ട് പരിഗണനയ്ക്ക് എടുക്കുകയും ചർച്ചയ്ക്കായി നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാൻ തീരുമാനിക്കുകയും റിപ്പോർട്ട് ഉടൻതന്നെ സഭയുടെ മേശപ്പുറത്ത് വയ്ക്കുകയും ചെയ്തു. ഇനി അതിൻമേൽ ഒരു ചർച്ചയാണ് നടക്കേണ്ടത്. ഗവൺമെന്റിന്റെ സമീപനം വളരെ വ്യക്തമാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായ പ്രാതിനിധ്യം കിട്ടണമെന്നതുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതുസംബന്ധിച്ച് രാഷ്ട്രീയ പാർട്ടികൾ തമ്മിൽ ചർച്ച ചെയ്തും, നിയമസഭയിൽ ഈ പ്രശ്നം ചർച്ച ചെയ്തും ഒരു സമവായമുണ്ടാക്കിക്കൊണ്ട് ഒരു തീരുമാനമുണ്ടാക്കണമെന്നുള്ളതാണ് ഗവൺമെന്റിന്റെ സമീപനം. അതുകൊണ്ട് ഏത് സമയവും ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറാണ്.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, സംവരണതത്വമനുസരിച്ച് ഗവൺമെന്റ് നിയമനങ്ങളിൽ പിന്നോക്കവിഭാഗങ്ങൾക്ക് കുറവുണ്ടെന്ന് ജസ്റ്റീസ് നരേന്ദ്രൻ വ്യക്തമായി ചൂണ്ടിക്കാണിച്ചതാണ്. അത് പരിഹരിക്കാൻ സ്പെഷ്യൽ റിക്രൂട്ട്മെന്റടക്കമുള്ള എന്ത് സത്വര നടപടികളാണ് ഗവൺമെന്റ് സ്വീകരിക്കാൻ പോകുന്നത്?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കുറവ് വന്നിട്ടുണ്ടെന്ന് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിൽ ഏത് മാർഗ്ഗം സ്വീകരിക്കണം, എങ്ങനെ നടപ്പിലാക്കണമെന്നതിനെ സംബന്ധിച്ച് ഒരു നിഗമനത്തിലെത്തിയിട്ടില്ല. ആ കാര്യത്തിലാണ് നമുക്ക് വിശദമായ ചർച്ചയും പൊതുവായിട്ടുള്ള ധാരണയുമുണ്ടാകേണ്ടത്. അതിനുവേണ്ടിയാണ് നമ്മൾ കൂട്ടായി ശ്രമിക്കേണ്ടത്.

ശ്രീ. ടി. പി. എം. സാഹിർ: സർ, നിലവിലുള്ള കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് ചട്ടങ്ങളിലുള്ള റൊട്ടേഷൻ വ്യവസ്ഥയുടെ അപാകതകൊണ്ടാണ് ഈ പോരായ്മകളെല്ലാം ഉണ്ടായിട്ടുള്ളതെന്നാണ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നത്. ഈ പോരായ്മകളെല്ലാം വ്യത്യസ്ത സമുദായങ്ങൾക്ക് ബാധകമായിട്ടുള്ളതാണ്. ഈ റിപ്പോർട്ട് സമർപ്പിച്ചിട്ട് ഇപ്പോൾ രണ്ടര വർഷവുമായി. ഈ വ്യവസ്ഥയെങ്കിലും മാറ്റുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: അതിനകത്ത് ഇങ്ങനെയുള്ള പ്രശ്നങ്ങളും ഉയർന്നു വന്നിട്ടുണ്ട്. അത് സംബന്ധിച്ച് നിയമസഭയിൽ ചർച്ച ചെയ്യാം, രാഷ്ട്രീയ പാർട്ടികൾ തമ്മിൽ ചർച്ച ചെയ്യാം. അതിനുശേഷമാണ് ഇതുസംബന്ധിച്ചുള്ള നടപടികളിലേയ്ക്ക് നമ്മൾ കടക്കേണ്ടത്. അങ്ങനെ ചർച്ച ചെയ്യുന്നയവസരത്തിൽ നിശ്ചയമായും ഇതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ചയിൽ ഉയർന്നുവരും.

ശ്രീ. ടി. പി. എം. സാഹിർ: സർ, ഇത് ഒരു സമയബന്ധിതമായ നടപടിയിലേയ്ക്ക് നീങ്ങുമോ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നമ്മളാണ് സമയബന്ധിതമായി ബിസിനസ് അഡ്വൈസറി കമ്മിറ്റിയിൽ വച്ച് തീരുമാനമെടുക്കേണ്ടത്. നിയമസഭയിൽ ചർച്ച ചെയ്യുന്നതിനുവേണ്ടിയുള്ള തീയതി നിശ്ചയിക്കണം, അത് ഏത് സമയം വേണമെങ്കിലും ചെയ്യാം.

ശ്രീ. നാലകത്ത് സൂപ്പി: സർ, അങ്ങ് പറഞ്ഞു നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സുപ്രീം കോടതിയിൽ ചോദ്യം ചെയ്തുവെന്നും ക്രീമിലെയർ പ്രശ്നവുമായി ബന്ധപ്പെട്ട് എൻ.എസ്.എസ് ചോദ്യം ചെയ്തുവെന്നും. അതും നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമാണ് എന്നാണോ ഗവൺമെന്റിനു കിട്ടിയ വിവരം; ഗവൺമെന്റിന് അതുസംബന്ധിച്ച് എന്തെങ്കിലും വിലക്കുണ്ടോ; സ്റ്റേ ഉണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ അങ്ങനെ പറഞ്ഞിട്ടില്ല. സുപ്രീംകോടതിയിലെ കേസിനെക്കുറിച്ച് ഞാൻ വ്യക്തമായി പറഞ്ഞു. ക്രീമിലെയർ വേർതിരിക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ, അത് സംബന്ധിച്ച് ഗവൺമെന്റ് ഇറക്കിയിരിക്കുന്ന ജി.ഒ. ഉണ്ട്. ഇതിനെ ചോദ്യം ചെയ്തു കൊണ്ടുള്ള റിട്ട് പെറ്റീഷനാണ് എൻ.എസ്.എസ്. കൊടുത്തിരിക്കുന്നത്. ഇതുസംബന്ധിച്ച് ഗവൺമെന്റ് അഫിഡവിറ്റ് കൊടുത്തിട്ടുണ്ട്. ഈ ഒരു സാഹചര്യത്തിൽ നിയമസഭയിൽ ചർച്ച ചെയ്ത് അതുസംബന്ധിച്ചുള്ള ഒരു സമവായമുണ്ടാക്കിക്കൊണ്ട് ഈ കാര്യത്തിൽ ഒരു തീരുമാനമെടുക്കുക യെന്നുള്ളതുതന്നെയാണ് ഗവൺമെന്റിന്റെ തീരുമാനം. ആ തീരുമാനത്തിന് ഒരു മാറ്റവുമില്ല. ഗവൺമെന്റ് ഏത് സമയത്തും ചർച്ചയ്ക്ക് തയ്യാറാണ്.

ശ്രീ. നാലകത്ത് സൂപ്പി: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഏതുസമയത്തും ചർച്ചയ്ക്ക് തയ്യാറാണെന്നും ആ ചർച്ചയിൽക്കൂടി സമവായമുണ്ടാക്കാമെന്നുമൊക്കെ പറഞ്ഞു. ബാക്ക്ലോഗ് ആണ് ഇവിടത്തെ പ്രശ്നം. ബാക്ക്ലോഗ് നികത്താൻ കോമ്പൻസേറ്ററി മെഷർ എന്നനിലയ്ക്ക് എന്തെങ്കിലും സംവിധാനമുണ്ടാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ചർച്ചയിലൂടെ ഇതുണ്ടാക്കാൻ വേണ്ടി കാബിനറ്റ് ഒരു സബ് കമ്മിറ്റിയെ വച്ചിരുന്നു. പക്ഷെ ആ സബ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. ഇന്ന് ആ സബ് കമ്മിറ്റി നിലവിലില്ല. അതുകൊണ്ട് ആ റിപ്പോർട്ടിന്റെ കുറവ് വന്നിട്ടുണ്ട്. അത് ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ നമുക്ക് യുക്തമായ ഒരു തീരുമാനമെടുക്കണം. ആ തീരുമാനം ചർച്ചയിലൂടെയാണ് ഉണ്ടാകേണ്ടത്. അങ്ങനെയുള്ള ഒരു ചർച്ചയ്ക്ക് ഗവൺമെന്റ് എപ്പോഴും തയ്യാറാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇസഹാക് കുരിക്കൾ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി 2002-ൽ ഈ നിയമസഭയിൽ പറഞ്ഞ അതേ ഉത്തരമാണ് ഇന്നു നൽകുന്നത്. ഇത് ആരുടെയും ഔദാര്യമോ, ഓശാരമോ അല്ല. ഇന്ത്യൻ ഭരണഘടന ഈ രാജ്യത്തിലെ ന്യൂനപക്ഷങ്ങൾക്ക് നൽകിയിട്ടുള്ള സംവരണസിദ്ധാന്തം ഗവൺമെന്റ് എന്ന് നടപ്പാക്കും; ഇനിയും ചർച്ച ,ചർച്ച എന്ന് പറഞ്ഞ് നീട്ടികൊണ്ടുപോകാൻ സാധിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: പിന്നോക്ക ജനവിഭാഗങ്ങൾക്ക് ലഭിക്കേണ്ടതായിട്ടുള്ള ആനുകൂല്യങ്ങളും, അവകാശങ്ങളും യഥാസമയം ലഭിക്കണമെന്നുതന്നെയാണ് ഗവണ്മെന്റിന്റെ അഭിപ്രായം. ഗവൺമെന്റിന്റെ സമീപനം അതാണ്. അതിനെക്കുറിച്ച് സമയബന്ധിതമായി തീരുമാനം എടുക്കുന്നതിന് ഗവൺമെന്റിന് ബുദ്ധിമുട്ടില്ല. പക്ഷേ ഇതുസംബന്ധിച്ച് പല രാഷ്ട്രീയപാർട്ടികളും ഇന്നും തീരുമാനം എടുത്തിട്ടില്ല.....(ബഹളം).....ഇതുസംബന്ധിച്ച് വരട്ടെ എന്നുള്ളതാണ് വന്നിരിക്കുന്നത്.....(ബഹളം).....

ശ്രീ. ഇസഹാക് കുരിക്കൾ: സർ, മുഖ്യമന്ത്രിയുടെ മറുപടി രാഷ്ട്രീയ പാർട്ടികൾ തീരുമാനം എടുത്തിട്ടില്ല എന്നാണ്.....(ബഹളം).....അതു അപമാനമാണ്. അതല്ല നടപ്പാക്കേണ്ടത്. രാഷ്ട്രീയപാർട്ടികളുടെ തീരുമാനം നടപ്പാക്കാനല്ല അങ്ങയെ മുഖ്യമന്ത്രിയാക്കിയത്. ഇന്ത്യൻ ഭരണഘടന ഈ രാജ്യത്തിലെ ന്യൂനപക്ഷങ്ങൾക്ക് അനുവദിച്ചിട്ടുള്ള സംവരണം നടപ്പാക്കാൻ മുഖ്യമന്ത്രി തയ്യാറാകുമോ? കഴിഞ്ഞ ദിവസം മുൻസിഫ്/മജിസ്ട്രേറ്റ് നിയമനത്തിൽ അപാകതകൾ ഉണ്ടെന്ന് ഈ രാജ്യത്തെ നിയമജ്ഞരാണ് പറഞ്ഞത്. അതുകൊണ്ട് ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന നൽകിയിട്ടുള്ള അവകാശം നൽകുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ചർച്ച നടത്താതെ ഇതു സംബന്ധിച്ച തീരുമാനം എന്ന് എടുക്കുമെന്ന് പറയാൻ ചങ്കൂറ്റം കാണിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, പിന്നോക്ക വിഭാഗങ്ങൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ, അവകാശങ്ങൾ ഒക്കെ ഒരു ബുദ്ധിമുട്ടും തടസ്സവുമില്ലാതെ ലഭിക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ സമീപനം. പക്ഷേ 12-6-2002-ൽ ചർച്ചയ്ക്കുവേണ്ടി ഗവണ്മെന്റ് ഇവിടെ സമർപ്പിച്ചു കഴിഞ്ഞു. അന്ന് എന്തുകൊണ്ടു ചർച്ച നടന്നില്ല.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: Please..... Please.....

ശ്രീ. ഉമ്മൻ ചാണ്ടി: മുഖ്യമന്ത്രിയല്ല തീരുമാനിക്കേണ്ടത്. മേശപ്പുറത്ത് റിപ്പോർട്ട് വച്ചാൽ അതു സംബന്ധിച്ച ചർച്ചയ്ക്ക് സമയം തീരുമാനിക്കേണ്ടത് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയാണ്.....(ബഹളം)..... ഗവൺമെന്റിന് റിപ്പോർട്ട് കിട്ടി. ഏറ്റവും അടുത്ത സമയത്ത് ഗവണ്മെന്റ് റിപ്പോർട്ട് മേശപ്പുറത്തു വച്ചു.....(ബഹളം).....ഇങ്ങനെ ബഹളം ഉണ്ടാക്കിയതു കൊണ്ട് കാര്യമില്ല. അതുകൊണ്ട് ഇനിയും ചർച്ച ചെയ്യണം. ഏതു സമയത്തും ഗവൺമെന്റ് ചർച്ച ചെയ്യാൻ തയ്യാറാണ്. ഗവൺമെന്റ് റെഡിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. കെ. നാണു: സർ, നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് ഇന്ത്യയിലെ ഏതെങ്കിലും കോടതിയിൽ സ്റ്റേ ചെയ്തിട്ടുണ്ടോ? ഇതു ചോദിക്കാൻ കാരണം കേന്ദ്രത്തിൽ മണ്ഡൽ കമ്മിഷൻ റിപ്പോർട്ട് അവതരിപ്പിച്ച് അംഗീകരിച്ച ശേഷം അത് നടപ്പിലാക്കുന്നതിനെതിരായി സുപ്രീം കോടതിയിൽ കേസ് ഉണ്ടായിരുന്നു. ആ കേസ് നീക്കിയശേഷം മണ്ഡൽ കമ്മിഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഡൽഹിയിൽ ഒരാൾക്ക് നിയമനം നൽകിയത്. അതുപോലെ ഇതു നടപ്പിലാക്കുന്നതിനെതിരായി ഏതു കോടതിയാണ് സ്റ്റേ ചെയ്തിരിക്കുന്നത്; ആ കേസിന്റെ നമ്പർ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിശദീകരിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, കോടതി സ്റ്റേ ചെയ്തിട്ടുള്ളതായി ഞാൻ പറഞ്ഞിട്ടില്ല. കോടതി സ്റ്റേ ചെയ്തിട്ടില്ല. ഇവിടെ ചർച്ചയ്ക്കു വന്നു; നമ്മൾ ചർച്ച ചെയ്ത്, അതിനെ സംബന്ധിച്ചിടത്തോളം പൊതുവായൊരു സമവായം ഉണ്ടാക്കാനാണ് തീരുമാനിച്ചത്. അതേക്കുറിച്ച് നമുക്ക് ചർച്ച ചെയ്യാം. ഗവണ്മെന്റ് അതിന് തയ്യാറാണ്. ഏതുസമയത്തുള്ള ചർച്ചയ്ക്കും ഗവൺമെന്റ് തയ്യാറാണ്..... (ബഹളം).....ഒരു സമവായം ഉണ്ടാക്കിക്കൊണ്ട് നമുക്ക് അതു സംബന്ധിച്ച് മുന്നോട്ട് പോകാം. അതിന് ഒരു കോടതിയും തടസ്സമല്ല.

ശ്രീ. സി. കെ. നാണു: സർ, ഞാൻ ഇത് ചോദിച്ചത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ ആദ്യം കോടതിയിൽ കേസ് കൊടുത്തു എന്നതിനെ സംബന്ധിച്ച് പറഞ്ഞിരുന്നു. അതുകൊണ്ടാണ് ഞാൻ ആ ചോദ്യം ചോദിച്ചത്. രണ്ടാമത് ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഏജൻസികളുമായോ, കക്ഷിനേതാക്കളുമായോ ചർച്ച ചെയ്യപ്പെടേണ്ടവരുമായോ ബഹുമാനപ്പെട്ട ഗവൺമെന്റ് ഈ നരേന്ദ്രൻകമ്മിഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏതെങ്കിലും തരത്തിലുള്ള ചർച്ച നടത്തിയോ; നരേന്ദ്രൻകമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏതെങ്കിലും ഭാഗത്തുനിന്ന് അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ വല്ല ചർച്ചകളും ആരെങ്കിലുമായി ഗവൺമെന്റ് നടത്തിയിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ ഈ സഭയിൽ ചർച്ചയ്ക്ക് വയ്ക്കുന്നതോടൊപ്പം റിപ്പോർട്ട് നടപ്പിലാക്കുന്നതിന് സഹായകരമായ രൂപത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ വ്യക്തമാക്കിയപോലെ, ആരെല്ലാമായി ഗവണ്മെന്റ് ചർച്ച ചെയ്തുവെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ റിപ്പോർട്ട് 9-11-01-ൽ സർക്കാരിനു കിട്ടി. 26-3-02-ൽ മന്ത്രിസഭ കൂടി വിശദമായി അതിനെക്കുറിച്ച് ചർച്ച ചെയ്തു മന്ത്രിസഭ ഒരു സബ്കമ്മിറ്റി വച്ചു. അങ്ങനെവച്ചതിന്റെ അടിസ്ഥാനത്തിലാണ് 12-6-2002-ൽ മേശപ്പുറത്ത് ഈ റിപ്പോർട്ട് വച്ചിരിക്കുന്നത്. അത് സഭയിൽ നമുക്ക് ചർച്ച ചെയ്യാം. ഇതിൽകൂടുതൽ ഒരു വ്യക്തമായ സമീപനം ഗവണ്മെന്റ് എടുക്കാനുണ്ടോ? ഈ കാര്യത്തിൽ..... (ബഹളം).....സബ് കമ്മിറ്റിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. മോഹനൻ: സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. നാലകത്ത് സൂപ്പി സൂചിപ്പിച്ചപോലെ സുപ്രീംകോടതിയിലുള്ള കേസ് ജസ്റ്റീസ് നരേന്ദ്രൻ ഏകാംഗ കമ്മിഷനായുള്ള ക്രീമിലെയർ പ്രശ്നത്തിന്മേലാണ്. ഇവിടെ തെറ്റിദ്ധരിക്കപ്പെട്ടിരിക്കുകയാണ്. ഇവിടെയുള്ളത് ശ്രീ. സാവൻകുട്ടിയും, ശ്രീ. രബീന്ദ്രൻനായരും മെമ്പർമാരായിട്ടുള്ള നരേന്ദ്രൻ കമ്മിഷനാണ്. അതിൽ പറഞ്ഞിരിക്കുന്നത് സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്നാണ്. സ്പെഷ്യൽ റിക്രൂട്ട്മെന്റ് നടത്തണമെന്ന് നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ അതിൻപ്രകാരം എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാനത് വ്യക്തമാക്കിക്കഴിഞ്ഞു. പിന്നോക്ക വിഭാഗങ്ങൾക്ക് അർഹമായി കിട്ടേണ്ട പ്രാതിനിധ്യം കിട്ടുന്ന കാര്യത്തിൽ ഗവണ്മെന്റിന് പൂർണ്ണമായും യോജിപ്പാണ്. അതിൽ സംശയം വേണ്ട, ആ റിപ്പോർട്ട് മേശപ്പുറത്തുവച്ചു. ചർച്ച ചെയ്യാമെന്ന് പറഞ്ഞു. നമുക്ക് ഇവിടെ ചർച്ച നടക്കണം. ആ ചർച്ചയ്ക്ക് ഏതു സമയവും തയ്യാറാണ്. ആ ചർച്ചയുടെ അടിസ്ഥാനത്തിൽ നമുക്ക് അനന്തരകാര്യങ്ങൾ തീരുമാനിക്കാം. ഒരു കാര്യം ആവർത്തിച്ചുപറയുന്നു പിന്നോക്ക വിഭാഗങ്ങൾക്ക് കിട്ടേണ്ടതായ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കും.

ശ്രീ. കെ. പി. മോഹനൻ: സ്പെഷ്യൽ റിക്രൂട്ട്മെന്റിന് നിർദ്ദേശം ഉണ്ടോ എന്നാണ് ചോദിച്ചത്.

ശ്രീ. ഉമ്മൻ ചാണ്ടി: ചർച്ചയിൽക്കൂടി, സമവായത്തിൽകൂടി അത് സംബന്ധിച്ചുള്ള തീരുമാനമാണ് ഉണ്ടാകേണ്ടത്.

ശ്രീ. കെ. പി. മോഹനൻ: സർ, എന്റെ രണ്ടാമത്തെ ചോദ്യം, ഇവിടെ പറഞ്ഞു, പിന്നോക്ക സമുദായക്കാർക്ക് മതിയായ സംവരണം ഉറപ്പുവരുത്താനുള്ള സാമൂഹ്യനീതി ഉറപ്പുവരുത്തലാണ് നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ട് എന്ന്. പക്ഷേ അത് അട്ടിമറിക്കാനുള്ള ശ്രമങ്ങളാണ് നടന്നുവരുന്നത് എന്നാണ് അറിയുന്നത്. ഇത് നടപ്പിലാക്കാനുള്ള നടപടികൾ എന്തൊക്കെയാണ്; അതിനുവേണ്ടി സർക്കാർ എന്തൊക്കെയാണ് ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഈ റിപ്പോർട്ടിനകത്ത് ഓരോ ജനവിഭാഗത്തിലും നടന്നിട്ടുള്ള നിയമനങ്ങളിൽ കുറവ് വന്നിട്ടുള്ളതിന്റെ നമ്പർ പറഞ്ഞിട്ടുണ്ട്. അത് നികത്തുന്നതിന് എന്ത് നടപടിയെന്ന് കമ്മിഷൻ പറഞ്ഞിട്ടില്ല. ആവശ്യമായ നടപടികൾ എന്ന് പറഞ്ഞിട്ടുണ്ട്. അത് എങ്ങനെ, ഏതു വിധത്തിൽ, എന്താണെന്നുള്ളതിനെക്കുറിച്ചാണ് ചർച്ച ചെയ്യേണ്ടത്. അതിനെക്കുറിച്ച് ഒച്ചവച്ചിട്ട് കാര്യമില്ല. ഇതു കഴിഞ്ഞ.....(ബഹളം).....ഗവണ്മെന്റിന് റിപ്പോർട്ട് കിട്ടി. ഏറ്റവും വേഗത്തിൽ സഭയുടെ മേശപ്പുറത്തു വച്ചു. ഒരു ഗവണ്മെന്റിന് അതിനപ്പുറം എന്താണ് ചെയ്യാൻ പറ്റുക..... (ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എൻ. പ്രതാപൻ: സർ, സംവരണ പ്രശ്നത്തിന്റെ പേരിലും നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ പേരിലും അപ്പുറത്തുനിന്ന് ബഹളം വയ്ക്കുന്ന ആൾക്കാർക്കൊന്നും യാതൊരു ആത്മാർത്ഥതയുമില്ല. വെറുതെ ബഹളം വയ്ക്കുകയാണ്. സംവരണച്ചോർച്ച തടയുന്നതിന് കെ.എസ്.ആർ.-ൽ ഭേദഗതി വരുത്തേണ്ടതാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതുസംബന്ധിച്ചാണ് പറഞ്ഞത്. ഈ റിപ്പോർട്ടിനകത്ത് പിന്നോക്ക വിഭാഗക്കാർക്ക് കുറവു വന്നിട്ടുള്ള കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന് എന്തു നടപടി എന്ന് പറഞ്ഞിട്ടില്ല, ആവശ്യമായ നടപടി എന്നുപറഞ്ഞിട്ടുണ്ട്. അതിനെക്കുറിച്ച് ചർച്ച ചെയ്ത് ചർച്ചയുടെ അടിസ്ഥാനത്തിൽ ഏതുവിധത്തിൽ എങ്ങനെ എന്നതിനെ സംബന്ധിച്ചിടത്തോളം നമുക്ക് തീരുമാനം എടുക്കേണ്ടിവരും.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, അങ്ങ് ഇവിടെ ആവർത്തിച്ചാവർത്തിച്ച് പറഞ്ഞതിൽ നിന്നും വ്യക്തമായത് ഇനിയും ചർച്ച, സമവായം എന്നൊക്കെ പറഞ്ഞതല്ലാതെ ഗവൺമെന്റ് ഇതുസംബന്ധിച്ച് ഒരു തീരുമാനം എടുത്തിട്ടില്ല എന്നാണ്. അങ്ങ് ഇരുട്ടിൽ തപ്പുന്ന കാര്യവും വ്യക്തമായി. ഞാൻ ചോദിക്കാൻ ഉദ്ദേശിക്കുന്നത് ഈ റിപ്പോർട്ടു കിട്ടി മൂന്ന് വർഷത്തിനുള്ളിൽ സർക്കാർ ഡിപ്പാർട്ടുമെന്റുകളിലേയും പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഉൾപ്പെടെ നിരവധി തസ്തികകൾ വെട്ടിക്കുറച്ചതിന്റെ ഫലമായി ഈ സമുദായങ്ങളിൽപ്പെട്ടവർക്കു നിയമനം ലഭിക്കുന്നതിനുള്ള ധാരാളം അവസരങ്ങൾ നഷ്ടപ്പെട്ടുകഴിഞ്ഞു. ഈ ഒരു സാഹചര്യം കൂടി വച്ചുകൊണ്ട് ഞാൻ ചോദിക്കുകയാണ്, ദേശീയാടിസ്ഥാനത്തിൽ തന്നെ ഇപ്പോൾ വലിയ ചർച്ച വന്നിട്ടുള്ള വിഷയമാണ്, സ്വകാര്യ സ്ഥാപനങ്ങളിൽക്കൂടി പിന്നോക്ക വിഭാഗങ്ങൾക്ക്, ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള സംവരണം, അതു സംബന്ധമായി സംസ്ഥാന ഗവൺമെന്റിന്റെ നയമെന്താണ്; ഈ വിഷയത്തിൽ എന്തെങ്കിലും തരത്തിലുള്ള ആലോചനകൾ ഗവൺമെന്റ് നടത്തിയിട്ടുണ്ടോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, അതിനെക്കുറിച്ച് ചർച്ചകൾ ഒന്നും വന്നിട്ടില്ല. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള കാര്യങ്ങളാണ് പറഞ്ഞത്. അവർ പബ്ലിക് സർവ്വീസ് കമ്മീഷൻ, മറ്റു സർക്കാർ വകുപ്പു മേധാവികൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ശേഖരിച്ചിട്ടുള്ള പതിനൊന്ന് വർഷങ്ങളിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ പഠനം നടത്തി അതിന്റെ അടിസ്ഥാനത്തിലാണ് റിപ്പോർട്ട് തന്നിട്ടുള്ളത്. സ്വകാര്യ മേഖലയിലെ കാര്യങ്ങളെ സംബന്ധിച്ച് വ്യക്തമായ ഒരു നയം രൂപീകരിച്ചിട്ടില്ല.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സർ, ജസ്റ്റീസ് ജോസഫ് കമ്മീഷൻ റിപ്പോർട്ടിനെത്തുടർന്ന് 2001 ജനുവരിയിലും, 2001 ഫെബ്രുവരിയിലും ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന്റെ നിയമനം ചോദ്യം ചെയ്ത് ആരെങ്കിലും സർക്കാരിനെ സമീപിച്ചിട്ടുണ്ടോ; ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ എന്നുള്ള ആ നിയമനത്തിന്റെ സാങ്കേതികത്വം തന്നെ അവ്വിധം കുരുങ്ങിക്കിടക്കുകയാണെങ്കിൽ ഈ റിപ്പോർട്ട് നടപ്പിലാക്കുന്നതു സംബന്ധിച്ച് എന്തു നടപടികളായിരിക്കും സർക്കാർ തീരുമാനിക്കുക?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇതുസംബന്ധിച്ച് ചോദ്യം ചെയ്തിട്ടുള്ളതിനെക്കുറിച്ച് എനിക്ക് ഫയലിൽ ഒന്നും കാണാൻ സാധിക്കുന്നില്ല. ക്രീമിലെയർ സംബന്ധിച്ച് എടുത്തിട്ടുള്ള തീരുമാനങ്ങൾ സംബന്ധിച്ച് സുപ്രീംകോടതിയിൽ ചോദ്യം ചെയ്തതായി റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ട്.

ശ്രീ. എ. കെ. ബാലൻ: സർ, മണ്ഡൽ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണമെങ്കിൽ കേരളാ ഗവൺമെന്റ് ക്രീമിലെയർ നിശ്ചയിക്കാൻ കമ്മീഷനെ നിശ്ചയിക്കണമെന്ന് സുപ്രീംകോടതി പറഞ്ഞിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കേരളാ ഗവൺമെന്റ് കമ്മീഷനെ വച്ചില്ല. അപ്പോഴാണ് സുപ്രീംകോടതി ഇടപെട്ട് ജോസഫ് കമ്മീഷനെ വച്ച് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് വരുമാനപരിധി ഒന്നര ലക്ഷം രൂപ പെർ ഈയർ എന്ന് ക്രീമിലെയറുമായി ബന്ധപ്പെട്ടുകൊണ്ട് നിശ്ചയിച്ചത്. കേരളാ ഗവൺമെന്റ് ഇത് അംഗീകരിച്ചില്ല. കേരളാ ഗവൺമെന്റ് 1995-ൽ പാസ്സാക്കിയ സംവരണ സംരക്ഷണ നിയമം എൻ.എസ്.എസ്. സുപ്രീംകോടതിയിൽ കേസ് കൊടുത്തതിന്റെ അടിസ്ഥാനത്തിൽ സ്റ്റേ ചെയ്തു. ആ സ്റ്റേ നിലനിൽക്കുകയാണ്. അതാണ് നേരത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തെറ്റിദ്ധരിച്ച് അതുമായി ബന്ധപ്പെടുത്തി പറഞ്ഞത്. അതും ഇതുമായി യാതൊരു ബന്ധവുമില്ല. എന്റെ ചോദ്യം എൻ.എസ്.എസ്. 699/1995-ൽ സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസിൽ എൻ.എസ്.എസ്. പറയുന്നത് കേരളത്തിൽ പിന്നോക്കക്കാർക്ക് സംവരണത്തിന്റെ ആനുകൂല്യത്തിന് അർഹതയില്ല, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഭരണഘടനാ വിരുദ്ധമാണ് എന്നാണ്. ആ വാദത്തോട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി യോജിക്കുന്നുണ്ടോ? എൻ.എസ്.എസ്. 1995-ൽ കൊടുത്ത സ്റ്റേ പിൻവലിക്കാൻ ഇതുവരെ കഴിയാത്ത സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് വല്ല നീക്കവും നടത്തുന്നുണ്ടോ എന്നതാണ് എന്റെ പ്രസക്തമായ ചോദ്യം.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഞാൻ പല പ്രാവശ്യം ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കി. പിന്നോക്ക വിഭാഗക്കാർക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങളും അവകാശങ്ങളും ഒരു തടസ്സവും കൂടാതെ ലഭ്യമാക്കണമെന്നു തന്നെയാണ് ഗവൺമെന്റിന്റെ താൽപ്പര്യം. ഗവൺമെന്റിന്റെ നയം അതുതന്നെയാണ്. ആ കാര്യത്തിൽ വിട്ടുവീഴ്ചയില്ല.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ പറഞ്ഞു. ഇവിടെ പിന്നോക്ക ജനവിഭാഗങ്ങൾക്ക് പ്രാതിനിധ്യക്കുറവ് ഉണ്ടായിട്ട് കുറച്ചുകാലമായി. ഒരു ഗവൺമെന്റും വ്യക്തമായി ആ കാര്യത്തിൽ ഒരു നിലപാടും ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇപ്പോൾ പ്രതിപക്ഷത്ത് ഇരിക്കുന്നതുകൊണ്ട് പറയാം എന്നല്ലാതെ അനവധി പ്രാവശ്യം അധികാരത്തിൽ ഇരുന്നപ്പോൾ എൽ.ഡി.എഫ്. ഗവൺമെന്റും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. അതുകൊണ്ട് ഇപ്പോൾ സഭയിൽ കാണുന്ന വികാരം എന്നുപറയുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രഖ്യാപിച്ചു, അതായത് പ്രാതിനിധ്യത്തിന്റെ കുറവുണ്ട് എന്നത് വസ്തുതയാണ്. സമവായം എന്നൊന്ന് താൽപ്പര്യ സംഘട്ടനംമൂലം സാദ്ധ്യമല്ല. പക്ഷെ ഈ പ്രാതിനിധ്യക്കുറവിന്

കാലാകാലം പരിഹാരം ഇല്ലാതിരിക്കാനും പറ്റില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു നിയമസഭയിൽ ചർച്ചചെയ്യാം എന്ന്. അങ്ങനെയാണെങ്കിൽ അടുത്ത നടപടികളിലേക്ക് കടക്കുക. അടുത്ത നടപടികളിൽ സ്റ്റേയൊന്നുമില്ല. സുപ്രീംകോടതി സ്റ്റേയൊന്നുമില്ല. അങ്ങനെയാണെങ്കിൽ പ്രതിപക്ഷവും നമ്മളും ഒന്നിച്ച് തീരുമാനിക്കേണ്ട വിഷയമാണ്. ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഇംപ്ലിമെന്റ് ചെയ്യുന്നതിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് നിയമസഭയിൽ ചർച്ച നടത്തുന്നതിന് ഒരു തീയതിയും സമയവും നിശ്ചയിക്കുക. എന്നിട്ട് അക്സപ്റ്റബിളായിട്ടുള്ള ഒരു ഫോർമുലയ്ക്ക് രൂപം ചെയ്യുക. ഇതിനോട് മുഖ്യമന്ത്രി യോജിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ അത് വ്യക്തമായ ഒരു സ്റ്റെപ്പായി നമുക്ക് പരിഗണിക്കാമോ? താൽപ്പര്യ സംരക്ഷണം ഉണ്ട്. അതുകൊണ്ട് പൂർണ്ണമായ സമവായം സാദ്ധ്യമല്ല. ആ വസ്തുത നമ്മൾ അംഗീകരിക്കേണ്ടതുണ്ട്. ആ നിലയിൽ ഒരു ഫർദർ സ്റ്റെപ്പിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി തയ്യാറാകുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പ്രധാനപ്പെട്ട കാര്യം തന്നെയാണ്. അതിനെ സംബന്ധിച്ചിടത്തോളം നിലപാട് വ്യക്തമാക്കിയിട്ടുണ്ട്. ഗവൺമെന്റ് ചർച്ചയ്ക്ക് തയ്യാറാണ്. ബിസിനസ്സ് അഡ്വൈസറി കമ്മിറ്റി കൂടി ചർച്ചയ്ക്കുള്ള തീയതി നിശ്ചയിച്ചാൽ മാത്രം മതി.

<u>ശ്രീ. മത്തായി ചാക്കോ:</u> സർ, ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നിശ്ചയിച്ച നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ട് 2001 നവംബർ മാസം 9-ാം തീയതി ഗവൺമെന്റിന് സമർപ്പിച്ചതാണ്. യഥാർത്ഥത്തിൽ ആ കമ്മീഷന്റെ റിപ്പോർട്ട് ഗവൺമെന്റിന്റെ ശുപാർശയോടുകൂടി സഭയിൽ സമർപ്പിക്കണം എന്നുള്ളതാണ്. എന്തുകൊണ്ടാണ് ഗവൺമെന്റ് ഈ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന്റെ ശുപാർശയോടുകൂടി സമർപ്പിക്കാത്തത്? ഇനി ക്യാബിനറ്റ് കൂടി ഒരു സബ് കമ്മിറ്റി വച്ചിരുന്നു എന്നുപറഞ്ഞു. നിർഭാഗ്യകരമെന്നു പറയട്ടെ ആ ക്യാബിനറ്റ് സബ് കമ്മിറ്റി ഇപ്പോൾ ഇല്ല എന്നുപറയുന്നു. വച്ചിരുന്ന ക്യാബിനറ്റ് സബ് കമ്മിറ്റി, റിപ്പോർട്ട് തയ്യാറാക്കിയിരുന്നോ? അങ്ങനെ തയ്യാറാക്കിയിരുന്നു എങ്കിൽ ആ റിപ്പോർട്ട് ഇപ്പോൾ എവിടെയാണുള്ളത്? ഇപ്പോൾ മൂന്നര കൊല്ലത്തിനുശേഷം വീണ്ടും ചർച്ച എന്നുപറയുന്നത് ലീഗ് ഉൾപ്പെടെയുള്ള പാർട്ടികളും, യു.ഡി.എഫ്.-ഉം ഈ പ്രശ്നത്തിൽ നിന്ന് ഒളിച്ചോടാൻ വേണ്ടി നടത്തുന്ന ശ്രമത്തിന്റെ ഭാഗമല്ലേ? രണ്ടു കാര്യങ്ങൾ അറിയേണ്ടത്; ഇതിന്റെ ശുപാർശ എന്തുകൊണ്ട് വച്ചില്ല? ക്യാബിനറ്റ് സബ് കമ്മിറ്റി റിപ്പോർട്ട് തയ്യാറാക്കിയോ; ഇല്ലെങ്കിൽ എന്തു സംഭവിച്ചു?

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> അന്ന് ആക്ഷൻ ടേക്കൺ റിപ്പോർട്ട് വച്ചിട്ടുണ്ട്. ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്നുപറയുന്നത് ക്യാബിനറ്റ് ചർച്ച ചെയ്തിട്ട് നിയമസഭയുടെ മേശപ്പുറത്ത് വയ്ക്കാനും മേശപ്പുറത്തു വച്ചതിനുശേഷം ചർച്ചചെയ്ത് ഒരു തീരുമാനം ഉണ്ടാക്കാനുമാണ് ഗവൺമെന്റിന്റെ തീരുമാനം ആക്ഷൻ ടേക്കണായി പറഞ്ഞിട്ടുണ്ട്. അതാണ് തീരുമാനം.

(ബഹളം..... ബഹളം.....)

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: Order.....Order.....please resume your seat.....

ശ്രീ. ഉമ്മൻ ചാണ്ടി: അന്ന് റിപ്പോർട്ടു വച്ച കൂട്ടത്തിൽ രണ്ടു സ്റ്റേറ്റ്മെന്റ് കൂടെ വച്ചിട്ടുണ്ട്. അതിനകത്ത് ഒന്ന് ആക്ഷൻ ടേക്കണാണ് എന്നുപറഞ്ഞാൽ ഇതാണ്. ക്യാബിനറ്റ് ചർച്ച ചെയ്തു. ചർച്ച ചെയ്ത ശേഷം ഇത് നിയമസഭയിൽ ചർച്ച ചെയ്യാൻ വേണ്ടിയിട്ടുള്ള തീരുമാനമാണ് അന്ന് എടുത്തത്. അതാണ് ക്യാബിനറ്റിന്റെ ശുപാർശ. അത് മേശപ്പുറത്തു വച്ചിട്ടുണ്ട്.

ഡോ. എം. എ. കുട്ടപ്പൻ: സർ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് തയ്യാറാക്കിയത് 1-8-2000-ത്തിൽ സർവീസിലുള്ള ജീവനക്കാരുടെ സ്ഥിതി വിവരക്കണക്കുകൾ വച്ചുകൊണ്ടാണ്. അതിനുശേഷം നാലര വർഷം കഴിഞ്ഞിരിക്കുന്നു. ഓരോ സമുദായത്തിനുമുള്ള കാറ്റഗറിയിൽ ഇപ്പോൾ വ്യത്യാസം വന്നിട്ടുണ്ടാകാം. അതുകൊണ്ട് ഇപ്പോഴുള്ള പുതിയ സ്ഥിതിവിവരക്കണക്കുകൾ പഠിക്കുന്നതിനുവേണ്ടി ഒരു പുതിയ കണക്കെടുപ്പ് നടത്താൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: ആ റിപ്പോർട്ടും അതിന്റെ അടിസ്ഥാനത്തിലുള്ള ഒരു ചർച്ചയും എന്നുള്ള തീരുമാനത്തിലാണ് നിൽക്കുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. അന്നത്തെ കണക്കിന്റെ അടിസ്ഥാനത്തിലാണ് ഈ കാര്യങ്ങൾ വിലയിരുത്തിയിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഇതിനെക്കുറിച്ചുള്ള ഒരു ചർച്ചയും അത് സംബന്ധിച്ചുള്ള ഒരു തീരുമാനവും കഴിഞ്ഞതിനുശേഷം മറ്റ് കാര്യങ്ങൾ പരിഗണിക്കുന്നതല്ലേ നല്ലത് എന്നുള്ളത് ചിന്തിക്കണം, പിന്നെ പൊതുവായിട്ടുള്ള അഭിപ്രായഗതിയാണ് ആവശ്യം.

ശ്രീ. എം. വി. ജയരാജൻ: സർ, സർക്കാരിന്റെ ഈ ഒളിച്ചോട്ടം കാണുമ്പോൾ വല്ലാത്ത വിഷമമാണ് തോന്നുന്നത്. നരേന്ദ്രൻ കമ്മീഷൻ നിയമിതമാകുന്നത് കമ്മീഷൻ ഓഫ് എൻക്വയറിസ് ആക്ട് സെക്ഷൻ 3 പ്രകാരമാണ്. ആ കമ്മീഷൻ നൽകിയ ശുപാർശ, ഈ കുറവ് പരിഹരിക്കാൻ ബുദ്ധിപൂർവ്വവും ഭാവനാപൂർവ്വവുമായ നടപടികൾ ആവശ്യമാണ്. എന്നാൽ കുറവ് പരിഹരിക്കുന്നതിന് കൈക്കൊള്ളുന്ന നടപടികൾ സംവരണത്തിന് അർഹതയില്ലാത്ത സമുദായങ്ങളിൽപെട്ടവരുടേയും, സംവരണ വിഭാഗത്തിൽപ്പെട്ട സമുദായങ്ങളിലെ തന്നെ സർവീസിൽ കയറിയവരുടേയും പ്രമോഷൻ അടക്കമുള്ള മുന്നോട്ടുള്ള ഗതിയെ തടസ്സപ്പെടുത്തുന്ന തരത്തിലായിരിക്കരുത്. അത് ഉറപ്പുവരുത്തണം. അങ്ങനെ കമ്മീഷൻ ഒരു കാര്യം പറഞ്ഞാൽ സെക്ഷൻ 4 അനുസരിച്ച്, ആക്ഷൻ ടേക്കൺ റിപ്പോർട്ട് പ്രകാരം ഇവിടെ സമർപ്പിക്കണമെന്ന് കമ്മീഷൻ ഓഫ് എൻക്വയറിസ് ആക്ടിൽ പറഞ്ഞതിന്റെ സാരാംശം ക്യാബിനറ്റ് ചർച്ച ചെയ്യാൻ തീരുമാനിച്ചു എന്നതല്ല ആക്ഷൻ ടേക്കൺ, സെക്ഷൻ 4 ആക്ഷൻ ടേക്കണാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നതെങ്കിൽ, കമ്മീഷൻ ഓഫ് എൻക്വയറിസ് ആക്ട് പ്രകാരം ഈ കമ്മീഷൻ തന്നെ ചുണ്ടിക്കാണിച്ചതിൽ നിന്ന് ഗവൺമെന്റ് ഈ ആക്ഷൻ സ്വീകരിക്കുന്നതാണ് എന്നുപറഞ്ഞുകൊണ്ടാണ് നിയമസഭയുടെ മുൻപാകെ സമർപ്പിക്കേണ്ടത്. അത് ചെയ്തിട്ടില്ല. അത് ചെയ്യാതെ ഇങ്ങനെ ഒളിച്ചോടുന്നത്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

യഥാർത്ഥത്തിൽ നമ്മുടെ പിന്നോക്ക സമുദായത്തിൽപ്പെട്ട കക്ഷികളുടെ കൂടി പിൻതുണ കിട്ടാൻവേണ്ടി അവരെ വഞ്ചിക്കുന്ന ഒരു സമീപനമല്ലേ കേരളത്തിലെ ഗവൺമെന്റ് സ്വീകരിക്കുന്നത്. അതുകൊണ്ട് സെക്ഷൻ 4 അനുസരിച്ചുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഈ മേശപ്പുറത്ത് വയ്ക്കുമോ? ഈ നിയമസഭ മുൻപാകെ സമർപ്പിക്കുമോ? അത് സമർപ്പിച്ചു കഴിഞ്ഞാൽ രാഷ്ട്രീയ പാർട്ടികളുടെ സമവായത്തിനുവേണ്ടി ഗവൺമെന്റ് സ്വീകരിക്കുന്ന ഏത് നടപടികളോടും പ്രതിപക്ഷം സഹകരിക്കാൻ തയ്യാറാണ്. നാളെ ചർച്ച ചെയ്യാൻ ഞങ്ങൾ ഒരുക്കമാണ്. ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഈ സഭയുടെ മുൻപാകെ വയ്ക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട മെമ്പർ പറയുന്നതുപോലെ ഗവൺമെന്റ് ഒളിച്ചോട്ടം നടത്തിയിട്ടില്ല; നടത്താൻ ഉദ്ദേശിക്കുന്നുമില്ല. 2-6-2002-ൽ, സെക്ഷൻ 3 (4) അനുസരിച്ചു തന്നെയാണ് ആക്ഷൻ ടേക്കൺ റിപ്പോർട്ട് വച്ചത്. മൂന്നു കൊല്ലമാകുന്നു. എന്തുകൊണ്ടാണ് മെമ്പർ ഈ പ്രശ്നം ഇതിനുമുമ്പ് ഉന്നയിക്കാതിരുന്നത്.....(ബഹളം).....അതുകൊണ്ട് ഈ ഗവൺമെന്റ് ഒളിച്ചോട്ടം നടത്തുന്ന പ്രശ്നമില്ല. എടുത്ത നടപടി വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്. സെക്ഷൻ 3 (4) അനുസരിച്ച് തന്നെയാണ് ആക്ഷൻ ടേക്കൺ റിപ്പോർട്ട് വച്ചിരിക്കുന്നത്.

ശ്രീ. പി. ജെ. ജോയി: സർ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനെപ്പറ്റി വിവിധ രാഷ്ട്രീയ പാർട്ടികളുടെ അഭിപ്രായങ്ങളെല്ലാം തന്നെ ലഭിച്ചിട്ടില്ലായെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. ഇടതുപക്ഷ ജനാധിപത്യ മുന്നണി, പ്രത്യേകിച്ച് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്) ഈ കാര്യത്തിൽ എന്തെങ്കിലും തീരുമാനമെടുത്ത് ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, തീരുമാനം ഒന്നും ഗവൺമെന്റിനെ അറിയിച്ചിട്ടില്ല. സർക്കാർ തീരുമാനമെടുത്തു കഴിഞ്ഞ് തീരുമാനം പറയാമെന്ന് പാർട്ടി സെക്രട്ടറിയുടെ ഒരു പ്രസ്താവന പേപ്പറിൽ കണ്ടിട്ടുണ്ട്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, പിന്നോക്ക ജനവിഭാഗങ്ങൾക്ക് സംവരണാനുകൂല്യം കൊടുക്കേണ്ട കാര്യം ഈ ഗവൺമെന്റ് ശരിയായ രീതിയിൽ കൈകാര്യം ചെയ്യുമെന്ന് ആവർത്തിച്ചാവർത്തിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ ചൂണ്ടികാണിക്കുകയുണ്ടായി. ഞങ്ങൾ ഒളിച്ചോടുന്നില്ല എന്നും പറയുകയുണ്ടായി. ഒളിച്ചോടാതിരിക്കുകയല്ല; ഓടിക്കൊണ്ടിരിക്കുകയാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനുമേലെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഉൾപ്പെടെ സഭയുടെ മുൻപാകെ അവതരിപ്പിച്ചിട്ടില്ല എന്ന കാര്യം ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിനകത്ത് ചില ജനവിഭാഗങ്ങൾക്ക്, ചില പിന്നോക്ക സമുദായങ്ങൾക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ല എന്നുള്ള കാര്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

ഈ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിന് മുമ്പെങ്കിലും അതു നടപ്പിലാക്കുന്നതിനു വേണ്ടി—നേരത്തെ പറഞ്ഞതുപോലെ അതിനുവേണ്ടി നിലകൊള്ളുന്നു എന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നല്ലത്—പക്ഷെ ഇനിയുള്ള കാലാവധിയ്ക്കുള്ളിൽ ഈ കാര്യം നടപ്പിലാക്കുന്നതിന് ആവശ്യമായ നിലപാട് സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറുണ്ടോ? കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്)-ന്റെ വ്യക്തമായ നിലപാടിനെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട ജോയി ചോദിക്കുകയുണ്ടായല്ലോ, വ്യക്തമായ നിലപാട് സ്വീകരിച്ചിട്ടുണ്ട്. ഒരു നിലപാടും നിങ്ങൾ എടുക്കുന്നില്ല. നിങ്ങൾ ഒരു നിലപാട് എടുക്കാതിരിക്കുകയും ആക്ഷൻ ടേക്കൺ റിപ്പോർട്ട് വയ്ക്കാതിരിക്കുകയും ചെയ്യുകയാണ്. കൃത്യമായിട്ട് നിങ്ങളാണ് പറയേണ്ടത്. നിങ്ങൾ എടുക്കുന്ന നിലപാട് എന്താണെന്ന് വ്യക്തമാക്കട്ടെ, അപ്പോൾ ഞങ്ങൾ പറയാം.

<u>ശ്രീ. ഉമ്മൻ ചാണ്ടി:</u> സർ, ഏതായാലും ഗോവിന്ദൻ മാസ്റ്റർ ഇതു പറഞ്ഞത് നന്നായി. എല്ലാപേർക്കും ബോദ്ധ്യമായി. ഒരു അസത്യം നൂറുവട്ടം ആവർത്തിച്ചാൽ അത് സത്യമാകുമെന്ന് ധരിക്കരുത്. ആക്ഷൻ ടേക്കൺ റിപ്പോർട്ട് മേശപ്പുറത്ത് വച്ചിട്ടില്ല എന്നുപറയുന്നത് ശരിയല്ല. അതിന്റെ ഫയൽ എന്റെ കയ്യിലുണ്ട്. അത് ആ സെക്ഷൻ അനുസരിച്ചുതന്നെ വച്ചിട്ടുണ്ട്. പക്ഷെ ആ ആക്ഷൻ തൃപ്തികരമായിരുന്നോ ഇല്ലയോ എന്നുള്ളത് വേറെ ക്വസ്റ്റ്യൻ. അതുമാത്രമാണ് ക്വസ്റ്റ്യൻ. ഏതായാലും ആക്ഷൻ ടേക്കൺ റിപ്പോർട്ട് വച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ഗവൺമെന്റിന്റെ സമീപനം വ്യക്തമാക്കിക്കഴിഞ്ഞു. ചർച്ചയ്ക്ക് ഏത് സമയത്തും തയ്യാറാണ്.

<u>ശ്രീ. എ. എൻ. രാജൻ ബാബു:</u> സർ, ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷനെ നിയമിച്ചത് തന്നെ സർവീസിലിരിക്കുന്ന സമുദായങ്ങളുടെ പ്രാതിനിധ്യത്തെക്കുറിച്ച് അറിയുന്നതിനുവേണ്ടിയാണ്. അദ്ദേഹത്തിന്റെ റെക്കമെന്റേഷൻ തന്നെ പല വിഭാഗത്തിൽപ്പെട്ട സമുദായങ്ങൾക്കും മതിയായ നിയമനം—അതായത് ഏകദേശം പതിനയ്യായിരം പോസ്റ്റുകൾ പൂർത്തീകരിക്കാൻ ഉണ്ടെന്നാണ് ആ റിപ്പോർട്ടിൽത്തന്നെ പറഞ്ഞിരിക്കുന്നത്. അങ്ങനെ ബാക്ക്‌ലോഗ് ഫിൽ ചെയ്യുമ്പോൾ മറ്റുള്ളവരുടെ പ്രൊമോഷൻ സാദ്ധ്യതയെ അഫക്ട് ചെയ്യാത്തരീതിയിൽ ആയിരിക്കണമെന്നുമാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ എടുക്കേണ്ട നടപടിയെന്നു പറയുന്നത്, അൻപത് ശതമാനത്തിൽ കൂടുതൽ റിസർവേഷൻ പാടില്ല എന്ന സുപ്രീം കോടതി വിധിയുള്ളതുകൊണ്ട് സ്പെഷ്യൽ റിക്രൂട്ട്മെന്റ് വേണമെന്നുള്ള ഒരു സജഷൻ ഉണ്ട്. ഇന്ദിരാസാഹ്നി കേസിൽ പ്രത്യേകമായി പറഞ്ഞിട്ടുണ്ട്, സാധാരണ രീതിയിൽ അൻപത് ശതമാനത്തിൽ കൂടുതൽ പാടില്ല എന്ന്. എന്നാൽ എക്സെപ്ഷണൽ കേസുകളിൽ അൻപത് ശതമാനത്തിലധികം ആകാമെന്ന് സുപ്രീം കോടതി വിധിയുണ്ട്. കേരളത്തെ സംബന്ധിച്ചിടത്തോളം കുമാരനാശാൻ പാടിയതുപോലെ

> നരനു നരൻ അശുദ്ധ വസ്തുപോലും
> കരയിൽ നടപ്പതു തീണ്ടലാണുപോലും
> നരകമിവിടമാണു ഹന്ത കഷ്ടം,

LIBRARY ARCHIVES Kerala Legislative Assembly

ഹരഹര ഇങ്ങനെ വല്ല നാടുമുണ്ടോ, എന്ന് ചോദിച്ചപ്പോൾ— സുപ്രീം കോടതി പറഞ്ഞ എക്സെപ്ഷണൽ കേസ് കേരളത്തിൽ നിലവിലുണ്ട്. ആ കേസിലും പറഞ്ഞിട്ടുണ്ട്. കേരളത്തിൽ നിലനിന്നപോലെ ലോകത്തിൽ എങ്ങും ഇതുപോലെ ഒരു സമ്പ്രദായം ഇല്ല, ഇനിഷ്യൽ റിക്രൂട്ട്മെന്റിലാണ് റെക്കമെന്റേഷൻ ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഒരു സമുദായത്തിനും ബാക്ക്ലോഗ് ഇല്ലാതെ, റിക്രൂട്ട്മെന്റിൽ നിലവിലുള്ള പ്രാതിനിധ്യം കിട്ടാത്ത സമുദായങ്ങൾക്ക് കുറെക്കൂടി കൂടുതൽ ശതമാനം കൊടുത്തുകൊണ്ട് അഞ്ചോ പത്തോ കൊല്ലം കൊണ്ട്, ഇത് പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമോ; എല്ലാ വിഭാഗങ്ങൾക്കും ശതമാനം കൂട്ടിക്കൊടുത്ത് റിക്രൂട്ട്മെന്റ് കൊടുത്തുകൊണ്ട് സുപ്രീം കോടതി അനുവദിക്കുന്ന എക്സെപ്ഷണൽ കേസ്, നടപ്പിലാക്കാൻ ശ്രമിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, റിസർവേഷന്റെ പെർസെന്റേജ് കൂട്ടുന്നകാര്യം നമുക്ക് ഇപ്പോൾ ചർച്ച ചെയ്യാൻ പറ്റുമെന്ന് എനിക്ക് തോന്നുന്നില്ല. അതേസമയത്ത് ഇപ്പോൾ അവർ ചൂണ്ടിക്കാണിച്ചിട്ടുള്ള ഓരോ സമുദായത്തിനും വന്നിട്ടുള്ള കുറവുകൾ ഉണ്ട്. അതിന് എന്ത് പോംവഴി കണ്ടുപിടിക്കാൻ പറ്റും എന്നുള്ളതാണ് നമുക്ക് ഇവിടെ ചർച്ച ചെയ്യേണ്ടത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് ഗവണ്മെന്റിന് ലഭിച്ചുകഴിഞ്ഞാൽ, ഏത് ഗവണ്മെന്റ് ആയാലും ശരി അത് ചർച്ച ചെയ്യുകയും വിശദമായി പരിശോധിക്കുകയും ചെയ്തതിനുശേഷം മാത്രം ആ ഗവണ്മെന്റിന്റെ നിലപാട് വ്യക്തമാക്കുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയുടെ മുമ്പിൽ വയ്ക്കേണ്ടതാണ്. ആ നിലയിൽ ഒരു നടപടി യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്തുണ്ടായിട്ടില്ല. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുന്നത്, അതിൽ ഞങ്ങൾക്ക് തെറ്റു പറ്റി ഇത്രയുംകാലമായി, എന്നിരുന്നാലും ഇപ്പോൾ എല്ലാ കക്ഷികളുമായി ചർച്ച ചെയ്തിട്ട് അതു സംബന്ധിച്ച സമവായം ഉണ്ടാക്കാൻ പരിശ്രമിക്കാമെന്ന് അങ്ങ് പറഞ്ഞതായിട്ടാണ് ഞാൻ മനസ്സിലാക്കുന്നത്. ഇത് സംബന്ധിച്ച് കമ്മീഷനെ നിയോഗിച്ച സി.പി.ഐ.(എം)-ന്റേയും ഇടതുപക്ഷത്തിന്റേയും അഭിപ്രായങ്ങൾ എന്താണെന്ന് ചോദിച്ചോ? തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റാത്തതിനെ മറച്ചുവയ്ക്കാൻ ശ്രമിക്കേണ്ട. ആക്ഷൻ ടേക്കണിന് പുതിയ ഒരു വ്യാഖ്യാനം നൽകിയിട്ട് ഇതെല്ലാം നിയമസഭയിൽ വച്ചാൽ മതി ഉടനേ ആക്ഷൻ ടേക്കണായി എന്നാണല്ലോ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ ഇവിടെ വിശദീകരിച്ചത്. ആക്ഷൻ ടേക്കൺ റിപ്പോർട്ടെന്ന് പറഞ്ഞാൽ, ഗവണ്മെന്റ് ഇതിന്മേൽ എടുക്കുന്ന നടപടി എന്താണെന്ന് വ്യക്തമാക്കുന്ന നിർദ്ദേശത്തോടുകൂടിയുള്ളതാണ്. അത് ചെയ്തില്ല. സി.പി.ഐ.(എം)-ന്റേയും ഇടതുപക്ഷത്തിന്റേയും ഇത് സംബന്ധിച്ചുള്ള അഭിപ്രായങ്ങൾ വ്യക്തമാണ്. പിന്നോക്ക സമുദായങ്ങൾക്ക്, ഹരിജനങ്ങൾക്ക്, മതന്യൂനപക്ഷങ്ങൾക്ക് ഇവർക്കെല്ലാംതന്നെ ന്യായമായ തോതിലുള്ള അവകാശങ്ങൾ ലഭിക്കണമെന്ന് തന്നെയാണ്. അതിലുള്ള എക്സെപ്ഷൻ ഞങ്ങൾ പറഞ്ഞിട്ടുള്ളത്, പിന്നോക്ക സമുദായത്തിൽത്തന്നെയുള്ള സമ്പന്ന വിഭാഗങ്ങൾക്ക്—

LIBRARY ARCHIVES Kerala Legislative Assembly

പാവപ്പെട്ടവർക്ക് പ്രയോറിറ്റി കൊടുത്തിട്ട് പാവപ്പെട്ടവർ ആ കൂട്ടത്തിൽ ഇല്ലെങ്കിൽ സമ്പന്ന വിഭാഗത്തിനാകാമെന്നാണ്. ഇത് സംബന്ധിച്ചുള്ള ഞങ്ങളുടെ നിലപാട് സുവ്യക്തമാണ്. ആ അഭിപ്രായങ്ങൾ നിലനിൽക്കുമ്പോൾ ഇത് സംബന്ധിച്ച് സി.പി.ഐ.(എം)-ന്റെ അഭിപ്രായമെന്ത്; ഇടതുപക്ഷത്തിന്റെ അഭിപ്രായമെന്ത് എന്നെല്ലാം പരിഹാസത്തോടുകൂടി ചോദിച്ച് തടിതപ്പാൻ ശ്രമിക്കരുത്. സമവായത്തിന് ഞങ്ങൾ സന്നദ്ധമാണ്. നിങ്ങൾ വിളിച്ചുകൊള്ളൂ. ഞങ്ങൾ വരാം. ഞങ്ങളുടെ നിലപാട് അപ്പോൾ വ്യക്തമാക്കാൻ സന്നദ്ധമാണ്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഞാൻ പറഞ്ഞ മറുപടി മുഴുവനും കേട്ടിരുന്നുവെങ്കിൽ ഈ രീതിയിൽ ചോദിക്കത്തില്ലായിരുന്നു. ഈ കമ്മീഷൻ റിപ്പോർട്ടിൽ പിന്നോക്ക വിഭാഗങ്ങൾക്ക് പ്രാതിനിധ്യക്കുറവ് വന്നിട്ടുണ്ടെന്ന് വ്യക്തമായിട്ടും എഴുതിയിട്ടുണ്ട്. പക്ഷേ, അത് എങ്ങനെ പരിഹരിക്കണമെന്ന ശുപാർശ അതിലില്ല. അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാണുള്ളത്. അതുകൊണ്ട് കാബിനറ്റ് കൂടി ചർച്ച ചെയ്തു. ഇത് സമൂഹത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു പ്രശ്നമാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് കിട്ടേണ്ട പ്രാതിനിധ്യം കിട്ടണം; അതേ സമയത്ത് അതിന്റെ പേരിൽ സമൂഹത്തിൽ വിദ്വേഷമോ തെറ്റിദ്ധാരണയോ ഉണ്ടാകാൻ പാടില്ല. അതുകൊണ്ട് അത് ചർച്ച ചെയ്യാൻ പറ്റിയ ഏറ്റവും വലിയ വേദി നിയമസഭയാണ്. നിയമസഭയിൽ ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ എടുക്കണം എന്നുള്ളതിനെ സംബന്ധിച്ചിടത്തോളം വിശദമായ ചർച്ച, അത് ഏത് വിധത്തിൽ പറ്റും? പിന്നോക്ക ജനവിഭാഗത്തിന്റെ പ്രാതിനിധ്യക്കുറവ് നികത്തുകതന്നെ വേണം. അതേ സമയത്ത് അത് സമൂഹത്തിൽ ഒരു പ്രശ്നമുണ്ടാക്കാനോ ഒരു തെറ്റിദ്ധാരണ ഉണ്ടാക്കാനോ ആരെയെങ്കിലും അവഗണിച്ചു എന്നുള്ള ഒരു ധാരണ ഉണ്ടാക്കാനോ ഇടയാകാത്ത വിധത്തിൽ ആയിരിക്കണം. നിയമസഭയിൽ ചർച്ച ചെയ്ത് തീരുമാനം എടുക്കേണ്ടത്. ഇത് സംബന്ധിച്ച് കാബിനറ്റ് കൂടി ചർച്ച ചെയ്ത് ആക്ഷൻ ടേക്കൺ സെക്ഷൻ അനുസരിച്ചുതന്നെ ഒരു റിപ്പോർട്ട് ഉണ്ടാക്കി ഇവിടെ വച്ചിട്ടുള്ളതാണ്. ഈ വിഷയം നമുക്ക് ചർച്ച ചെയ്യാം. ചർച്ചയുടെ അടിസ്ഥാനത്തിൽ ഒരു തീരുമാനത്തിൽ എത്താം.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: നിയമസഭയുടെ മുമ്പിൽ വയ്ക്കുമ്പോൾ നിർദ്ദേശം ഉണ്ടായിരിക്കണം. അതാണ് നിങ്ങൾ ഒളിച്ചുകളിക്കുന്നത്. പറയാൻ തയ്യാറാകുക. നിർദ്ദേശത്തോടുകൂടി വയ്ക്കുക എന്നതാണ് ആക്ഷൻ ടേക്കൺ. അത് ചെയ്തില്ല. ഇനി നിങ്ങൾ സർവ്വകക്ഷികളേയും വിളിക്കാൻ പോകുമ്പോഴെങ്കിലും, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, നിങ്ങളുടെ കമ്മിറ്റിയുടെ നിർദ്ദേശത്തോടുകൂടി വയ്ക്കുക എന്നുള്ളതാണ് നിങ്ങളുടെ ചുമതല.

ശ്രീ. ഉമ്മൻ ചാണ്ടി: ചർച്ചയിലൂടെ അല്ലേ അത് വരേണ്ടത്? ചർച്ചയ്ക്ക് തയ്യാറാണ്. അങ്ങനെ പറഞ്ഞ് ഇത് എടുക്കേണ്ട കാര്യമില്ല. വളരെ വ്യക്തമായിട്ട് റിപ്പോർട്ട് കിട്ടിയ ഉടനെതന്നെ റിപ്പോർട്ട് വച്ചിട്ടുണ്ട്. ആക്ഷൻ ടേക്കൺ റിപ്പോർട്ട് വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബി. വിജയകുമാർ: സർ, പിന്നോക്ക ജനവിഭാഗത്തിന് അർഹിക്കുന്നത് കൊടുക്കുന്നതിന് ആരും എതിരല്ല. ഇവിടെ ഏതെങ്കിലും ഒരു ജനവിഭാഗത്തിന് അതിൽ കുറവുണ്ടെങ്കിൽ അതിന്റെ മറ്റ് സാമൂഹ്യ പശ്ചാത്തലംകൂടി പരിശോധിക്കേണ്ടതായിട്ടുണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റുകളിലേയ്ക്കും എഴുതിയിട്ടില്ല എന്നും, എല്ലാ വകുപ്പുകളിൽനിന്നും മറുപടി കിട്ടിയിട്ടില്ല എന്നും നരേന്ദ്രൻ കമ്മിഷൻ റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. അതുകൊണ്ട് ഇത് സംബന്ധമായ തീരുമാനം എടുക്കുന്നതിനുമുമ്പ് ഇത് സംബന്ധിച്ച് ഒരു പഠനം നടത്തി എവിടെ കുറവ് വന്നിട്ടുണ്ട് എന്ന് വ്യക്തമാക്കണം. എല്ലാ വകുപ്പുകളുടേയും കണക്കെടുത്തിട്ടില്ല; എല്ലാ വകുപ്പുകളോടും ആവശ്യപ്പെട്ടിട്ടില്ല എന്ന് റിപ്പോർട്ടിൽത്തന്നെ പറയുന്നുണ്ട്. അതുകൂടി പരിശോധിച്ചുകൊണ്ട് നടപടി സ്വീകരിക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ; വ്യക്തമായ പഠനം നടത്തി കുറവുള്ളവർക്ക് കൊടുക്കുന്നതിന് ആരും എതിരല്ല. ഒരു സമുദായവും എതിരല്ല. അതുകൊണ്ട് വ്യക്തമായ പഠനം നടത്തി ഒരു തീരുമാനം എടുക്കാൻ ഗവണ്മെന്റ് തയ്യാറാകുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, വിശദമായ പഠനം നടത്തിയിട്ടുണ്ട്. എവിടെയെങ്കിലും ഏതെങ്കിലും ഡിപ്പാർട്ടുമെന്റിൽ നിന്നും മറുപടി കിട്ടാതെ വന്നിട്ടുണ്ടോ എന്നറിയില്ല. പബ്ലിക് സർവ്വീസ് കമ്മീഷനിൽനിന്നും വകുപ്പുമേധാവികളിൽനിന്നും കഴിഞ്ഞ പതിനൊന്ന് വർഷങ്ങളിലെ നിയമനം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചു. 3,25,554 ജീവനക്കാർ സർക്കാർ വകുപ്പുകളിലും നീതിന്യായ വകുപ്പുകളിലുമായി ഉള്ളതായ കണക്കെടുത്തുകൊണ്ടാണ് വിശദമായിട്ടുള്ള കുറവ് .....(ബഹളം).....ഏതെങ്കിലും വകുപ്പിൽനിന്നോ മറ്റേതെങ്കിലും ഓഫീസുകളിൽ നിന്നോ മറുപടി കിട്ടാതെയുണ്ടോയെന്നുള്ളത് അറിയില്ല. ഇത്രയും ജീവനക്കാരുടെ കണക്ക് വച്ചിട്ടാണ് റിപ്പോർട്ട് തന്നിട്ടുള്ളത്.

ശ്രീ. ബിനോയ് വിശ്വം: സർ, 2001 നവംബർ മാസം ഒൻപതാം തീയതി സർക്കാർ കൈപ്പറ്റിയ റിപ്പോർട്ടാണിത്. കേരളത്തിന്റെ സാമൂഹ്യ അന്തരീക്ഷത്തിൽ ഇതിന് വലിയ പ്രാധാന്യം ഉണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ല. ഇന്ന് 2005 ജാനുവരി 31. അങ്ങ് പറഞ്ഞത് 'മേശപ്പുറം', 'സമവായം', 'ചർച്ച' എന്നൊക്കയാണ്. ശരിക്ക് പറഞ്ഞാൽ ഗവണ്മെന്റ് എല്ലാവരേയും കബളിപ്പിക്കുകയാണ്. സമവായത്തെപ്പറ്റി ഏറ്റവും കൂടുതൽ പറഞ്ഞ മാന്യ സുഹൃത്തുക്കളായ ശ്രീ. എ.കെ. ആന്റണി, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി എന്നിവർ ഇവിടെയുണ്ട്. അവർ രണ്ടുപേരുമാണ് ഏറ്റവും അധികം പറഞ്ഞത്. ഇപ്പോൾ മുസ്ലീം ലീഗിന്റെ അനിഷേധ്യ നേതാവ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി പറയുന്നു സമവായം സാദ്ധ്യമല്ലെന്ന്. സമവായം സാദ്ധ്യമല്ലെന്ന് അദ്ദേഹത്തിനുപോലും ബോദ്ധ്യമായ സാഹചര്യത്തിൽ സമവായത്തെപ്പറ്റിയുള്ള വർത്തമാനം, ശരിക്ക് പറഞ്ഞാൽ, എല്ലാവരേയും കബളിപ്പിക്കലല്ലേ? ഇവിടെ ഒരു ചോദ്യമുണ്ടായി. മുസ്ലിം ലീഗിന്റെ ബഹുമാനപ്പെട്ട അംഗം ശ്രീ. കളത്തിൽ അബ്ദുള്ള ചോദിച്ചു, സർക്കാർ നയം എന്താണ് എന്ന്. നയം മാത്രം പറയുന്നില്ല. ആക്ഷൻ ടേക്കൺ റിപ്പോർട്ടിൽ എന്താണ് ഉള്ളത്? ഒന്നും ഇല്ല. ഒരു സൂചനമാത്രം തന്നു.

ഒരു സബ് കമ്മിറ്റി ഉണ്ടാക്കി എന്നു പറയുന്നു. ശരിക്ക് പറഞ്ഞാൽ ഒരു ഇനാക്ഷൻ റിപ്പോർട്ടാണത്. ആ സബ് കമ്മിറ്റി ഇപ്പോഴില്ല. ഗവൺമെന്റ് മുയലിന്റെകൂടെ ഓടുകയും വേട്ടപ്പട്ടിയുടെ കൂടെ വേട്ടയാടുകയുമാണ്. ഈ ഒളിച്ചുകളി അവസാനിപ്പിച്ചുകൊണ്ട് ഈ റിപ്പോർട്ട് നടപ്പിലാക്കാൻ വേണ്ടിയുള്ള ആത്മാർത്ഥത ഏറ്റവും വൈകിയ ഈ വേളയിലെങ്കിലും ഗവണ്മെന്റ് കാണിക്കുമോ?

ശ്രീ. ഉമ്മൻ ചാണ്ടി: സർ, റിപ്പോർട്ട് 12-6-2002-ന് മേശപ്പുറത്ത് വച്ചു. അതു കഴിഞ്ഞ് ഇങ്ങോട്ട് കാലതാമസമുണ്ടായിയെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞാൽ ഞാൻ ഇല്ല എന്ന് പറയത്തില്ല. പക്ഷേ, കാലതാമസത്തിന് ബഹുമാനപ്പെട്ട മെമ്പർക്കും മെമ്പറുടെ കൂടെയിരിക്കുന്നവർക്കും പങ്കുണ്ടെന്ന് അങ്ങ് സമ്മതിക്കണം. മേശപ്പുറത്ത് ഈ റിപ്പോർട്ട് ചർച്ചയ്ക്കായി വച്ചു. ഞാൻ കാലതാമസത്തിന്റെ ഉത്തരവാദിത്വം സ്വയം ഏറ്റെടുത്തുകൊണ്ട് പറയുകയാണ്. പക്ഷേ, സ്വന്തം ഉത്തരവാദിത്വത്തിൽനിന്നും മാറരുത്. അന്ന് ആ റിപ്പോർട്ട് വച്ചതിന്റെ കൂടെ ആക്ഷൻ ടേക്കൺ റിപ്പോർട്ട് വച്ചതാണ്. മൂന്ന് കൊല്ലം കഴിഞ്ഞാണ് .....(ബഹളം).....അത് ഇന്നാണോ ചോദ്യം ചെയ്യുന്നത്? അതുകൊണ്ട് സ്വന്തം ഉത്തരവാദിത്വത്തിൽനിന്നും ഒഴിഞ്ഞു മാറേണ്ട എന്നാണ്.....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: ചോദ്യം നമ്പർ 2-ഉം 5-ഉം 13-ഉം ക്ലബ് ചെയ്യുന്നു.

സംസ്ഥാനത്തെ പേറ്റന്റ് സെൽ

*3 [2] ശ്രീ. എൻ. ഡി. അപ്പച്ചൻ:
" ടി. യു. രാധാകൃഷ്ണൻ:
" വി. ജെ. പൗലോസ്:
" കെ. എ. ചന്ദ്രൻ:
" എം. എ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒരു പേറ്റന്റ് സെൽ സ്ഥാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്; KNPP. 28/2005;

(ബി) അത് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞോ; എങ്കിൽ ഇതിനകം എത്തെല്ലാം പ്രവർത്തനം നടത്തി എന്ന് അറിയിക്കുമോ;

(സി) കാർഷിക ഔഷധ ഉൽപ്പന്നങ്ങൾക്ക് പേറ്റന്റിനുവേണ്ടിയുള്ള അപേക്ഷ ലോക വ്യാപാര സംഘടനയ്ക്ക് ലഭിക്കേണ്ടത് എന്നുമുതലാണ്;

(ഡി) ആ തീയതിയിൽ സംസ്ഥാനത്തുള്ള ഏതെല്ലാം ഉൽപ്പന്നങ്ങൾക്ക് പേറ്റന്റ് ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly